പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2452 — 14. 06. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

ചോദ്യം

ശ്രീ.എ.പി.അനിൽകുമാർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ;<br><br>(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണ്, വ്യക്തമാക്കാമോ;<br><br>(സി) കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010 ലെ സുരക്ഷ മാനദണ്ഡങ്ങളുടെ ഭാഗമായി അസിസ്റ്റന്റ് - എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ 20 ശതമാനം ഐ.റ്റി.ഐ ക്വോട്ടയുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനം എടുക്കേണ്ടതുണ്ടോ;വെളിപ്പെടുത്തുമോ;<br>(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ - അടിയന്തര തീരുമാനം എടുത്ത് പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ? | (എ) &(ബി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ 189 വേക്കൻസികൾ ആണ് ഉള്ളത്. ഇതിൽ 185 എണ്ണം സ്ഥാനക്കയറ്റം വഴി നികത്തേണ്ടതാണ്. ബാക്കി 4 ഒഴിവുകൾ 40% ക്വാട്ടയിൽ ഉള്ളതും പി.എസ്.സി വഴി നിയമനം നടത്തേണ്ടതുമാണ്. ഈ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് അംഗപരിമിതർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ ആയതിനാൽ നിലവിലെ ലിസ്റ്റിൽ അനുയോജ്യമായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ പ്രത്യേക ലിസ്റ്റിൽ നിന്നു മാത്രമേ നിയമന ശുപാർശ നൽകുകയുള്ളൂ എന്ന് കെ.പി.എസ്.സി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br>(സി) &(ഡി) ഇല്ല<br>ബഹുമാനപ്പെട്ട കേരളസർക്കാർ 13.02.2019 ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ റഗുലേഷൻ 2010 ലെ 6 & 7 ചട്ടങ്ങളിലെ നിബന്ധനകൾ പ്രാവർത്തികമാക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ. ലെ നിലവിലെ ജീവനക്കാർക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ നിലവിൽ ഐ.റ്റി.ഐ. ക്വാട്ടയുടെ കാര്യവുമായി ബന്ധപ്പെട്ട് തീരുമാനം ഒന്നും എടുക്കേണ്ടതില്ല എന്നാൽ ടി വിഷയത്തിലെ അനന്തര നടപടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള WP 6410/2019 എന്ന കേസിന്റെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും. |

സെക്ഷൻ ഓഫീസർ